بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 25/07/14

(27 RAMADAN 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം, തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

മനുഷ്യ ശരീരത്തിൽ രക്തം പമ്പു ചെയ്യുന്ന വളരെ പ്രധാനപ്പെട്ട ഒരു അവയവമാണ് ഹൃദയം. കാലങ്ങളായി മനുഷ്യന്റെ വിചാരവികാര കേന്ദ്രമായി ഇതിനെ കരുതപ്പെടുന്നു. മനസ്സിലെ വികരാങ്ങൾക്കനുസൃതമായി ഹൃദയമിടിപ്പ് നടക്കുന്നത് നമുക്ക് അറിവുള്ളതാണല്ലോ. പ്രേമവികാരത്തെ ദ്യോതിപ്പിക്കാൻ ഹൃദയം അടയാളമാക്കപ്പെടുന്നു. ! ഹൃദയം ഒരു ചെറിയ അവയവമാണ്, എന്നാലും അത് ഒരു മഹാസമുദ്രത്തെ പോലെ, ഏറെ ആഴമുള്ള വികാരങ്ങൾ ഉൾക്കൊള്ളുന്നു. നൂറ്റാണ്ടുകളായി, വ്യത്യസ്ത ഭാഷകളിൽ, വൈവിധ്യമാർന്ന മാനുഷിക വികാരങ്ങളെ ഹൃദയവുമായി ബന്ധപ്പെടുത്തിയിരിക്കുന്നത് അത്ഭുതകരമായ ഒരു യാഥാർത്ഥ്യമാണ്. ഉദാഹരണത്തിന്, ഒരു നല്ല ഹൃദയം, പൂർണ്ണ ഹൃദയത്തോടെ, ഹൃദയ തീവ്രതയോടെ പ്രവർത്തിക്കുന്നു. ധൈര്യസമേതം വർത്തിക്കുന്നു. ഉദാഹരണത്തിന് ഒരുവന് ധൈര്യം പകർന്നു നൽകുന്നത് നെഞ്ചിനകത്തെ ഹൃദയമാകുന്നു. പ്രേമഭാജനത്തെ നാം അഭിസംബോധന ചെയ്യുന്നത് എന്റെ ഹൃദയമെ ! എന്റെ കൊച്ചു കരളേ ! എന്നാണ്. ആന്തരികരംഗ പ്രകടനത്തിന് ഹൃദയംഗമമായി പറഞ്ഞാൽ എന്നുപയോഗിക്കുന്നു. നമ്മുടെ പ്രാദേശിക ക്രയോൾഭാഷയിൽ പറഞ്ഞാൽ ഇങ്ങനെയും പറയാറുണ്ട്. ഇരുണ്ട ഹൃദയമേ ! ഹൃദയത്തിന്റെ സ്ഥാനത്ത് കല്ലാണെന്നു പറയുക ! മറ്റൊരു രീതിയിൽ പറഞ്ഞാൽ ഹൃദയത്തിന് മുറിവേറ്റിരിക്കുന്നു. വേറെ രീതിയിൽ പറഞ്ഞാൽ ഒരു സ്വർണ്ണ ഹൃദയം. അങ്ങനെ പലതും പലതും ഹൃദയത്തെക്കുറിച്ച് പറഞ്ഞു വരുന്നു.

ഹൃദയം ഒരു മഹത്തായ അടയാളമാണ്. അതിന് പലവിധ വ്യാഖ്യാനങ്ങളുണ്ട്. വികാരങ്ങളുടെ, ചിന്തകളുടെ, ഗ്രഹണശേഷിയുടെ, അറിവിന്റെ, വിശ്വാസത്തിന്റെ എല്ലാം വാസസ്ഥലമാണ് ഹൃദയം ! ശാസ്ത്രജ്ഞന്മാർ ഹൃദയത്തെ വിശേഷിപ്പിക്കുന്നത് അവയവങ്ങളുടെ രാജാവാണെന്നാണ്. അതുപോലെ ഹൃദയം ഒരു വ്യക്തിയുടെ ആത്മാർത്ഥതയുടെ ഇരിപ്പിടമാണ്. ആത്മാർത്ഥതയില്ലാതെ അവന്റെ ഒരു പ്രവർത്തിയും അംഗീകരിക്കപ്പെടുന്നതല്ല.

ഹൃദയത്തിന്റെ മേധാവിത്വത്തെ പ്രകടമാക്കുന്ന അനേകം പ്രവാചക വചനങ്ങൾ നമുക്ക് കാണുവാൻ കഴിയും. പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു **"മനുഷ്യ ശരീരത്തിൽ ഒരു മാംസകഷ്ണമുണ്ട്. ഇത് നന്നായാൽ ശരീരം മുഴുവൻ നന്നാകും. ഇതു ദുഷിച്ചാൽ ശരീരം മുഴുവൻ ദുഷിക്കുന്നതാണ്. അറിയുക. അത് ഹൃദയമാകുന്നു. " (ബുഖാരി)**

പ്രവാചകർ (സ) വീണ്ടും പറയുന്നു. **" അല്ലാഹു (ത) നിങ്ങളുടെ ശരീരങ്ങളിലേക്കും മുഖങ്ങളിലേക്കുമല്ല നോക്കുന്നത് ; അവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ്. " (മുസ്‌ലിം)**

വബിസാഹ് ഇബ്ന് മഅ്ബദ് (റ) പറഞ്ഞു. **" ഞാനൊരിക്കൽ ദൈവദൂതന്റെ അടുക്കൽ ചെന്നു. അപ്പോൾ തിരുദൂതർ ചോദിച്ചു. നന്മയെക്കുറിച്ചു ചോദിക്കുവാനാണോ അങ്ങ് എന്റെയടുത്ത് വന്നത് ? അതേ എന്ന് ഞാൻ മറുപടി നൽകി. അപ്പോൾ തിരുദൂതർ (സ) പറഞ്ഞു."** നിങ്ങളുടെ ഹൃദയത്തിനോട് ചോദിക്കുക. ഹൃദയത്തിന് സാന്ത്വനം നൽകുകയും, ആത്മാവിന് തൃപ്തി ലഭിക്കുന്നതുമാണ് നന്മ. ഹൃദയത്തിന് സംശയമുണ്ടാക്കുകയും, ചാഞ്ചല്യമുണ്ടാക്കുകയും ചെയ്യുന്നത് പാപമാണ്. ജനങ്ങൾ ഒരു പക്ഷേ പറഞ്ഞേക്കാം അത് നിയമവിധേയമാണെന്ന്. എന്നാൽ അതിന്റെ യഥാർത്ഥ വിധി ഹൃദയം നിങ്ങൾക്ക് വീണ്ടും വീണ്ടും നൽകുന്നതാണ്. (മുസ്നദ് അഹ്മദ്)

ഹൃദയം ഗ്രാഹ്യത്തിന്റെ ഇരിപ്പിടമാണ്. അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഹൃദയമാണ് നിങ്ങളെ കാര്യകാരണങ്ങളെക്കുറിച്ച് ചിന്തിപ്പിക്കുന്നത്. **"എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചു നോക്കുന്നില്ലേ ? എങ്കിൽ അവർക്ക് ചിന്തിച്ചു മനസ്സിലാക്കാവുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കാവുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല. പക്ഷെ, നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത് "** (22:47)

**സത്യമായും ജിന്നിൽ നിന്നും ഇൻസിൽ നിന്നുമുള്ള നിരവധി ആളുകളെ അവരുടെ പര്യവസാനം നരകമാകുമാറ് നാം സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്. പക്ഷെ അവകൊണ്ട് അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട്. പക്ഷേ അവ കൊണ്ട് അവർ കാണുന്നില്ല. അവർക്ക് കാതുകളുണ്ട്. പക്ഷെ അവ കൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികൾക്ക് തുല്യരാണ്. അല്ല ! അവർ അവയെക്കാളും വഴിപിഴച്ചവരാകുന്നു. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളത്.** (7:180)

നമ്മുടെ മുറി, നമ്മുടെ ആഫീസ്, നമ്മുടെ വീട് ഇവ ക്രമപ്പെടുത്തുവാൻ, ശുദ്ധിയാക്കുവാൻ, നമ്മളിൽ ഓരോരുത്തരും അതിന്റേതായ സമയമെടുക്കും. അതുപോലെ, നമ്മുടെ ഹൃദയത്തേയും ക്രമപ്പെടുത്തുവാൻ അതിന്റേതായ സമയമെടുക്കും. അതിന്റെ മുക്കും മൂലയും കഴുകി വൃത്തിയാക്കി എല്ലാ മാലിന്യങ്ങളും നീക്കം ചെയ്യുവാൻ അതിന്റേതായ സമയമെടുക്കും. ഇപ്രകാരം ഹൃദയത്തെ ശുദ്ധീകരിച്ച് എടുക്കുക എന്നത് നിർണ്ണായകമായ കാര്യമാണ്. ഇതു വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ട കാര്യമാണ്. അതിന് അനുയോജ്യമായ ആത്മീയ ഉത്പന്നം തന്നെ വേണം. പ്രാർത്ഥനാ ആവാഹനം തന്നെ വേണം. ഹൃദയ ശുദ്ധീകരണം വളരെ പ്രധാനപ്പെട്ടതു തന്നെയാണ്. പ്രവാചകർ (സ) യുടെ ഹൃദയം വളരെ ചെറുപ്പത്തിലെ തന്നെ ശുദ്ധീകരിക്കപ്പെടുകയുണ്ടായി. അതുകൊണ്ട് അദ്ദേഹത്തിന്റെ സന്ദേശം വിശ്വാസയോഗ്യമുള്ളതായിതീർന്നു ; ആകർഷണമുള്ളതായി തീർന്നു; സംശുദ്ധതയുള്ളതായി തീർന്നു. രണ്ട് മാലാഖമാരെവിട്ട് നെഞ്ച് ആത്മീയമായി പിളർന്ന് അദ്ദേഹത്തിന്റെ ഹൃദയത്തെ ശുദ്ധീകരിക്കുകയുണ്ടായി. റമദാന്റെ ആഗമനത്തോടെ (ഇപ്പോൾ ഈദുൽഫിത്ർ സമീപിക്കാറായിരിക്കുന്നു) അല്ലാഹു (ത) തന്റെ അനന്തമായ കാരുണ്യാതിരേകത്താൽ നമ്മുടെ ഹൃദയ ശുദ്ധീകരണത്തിനായി നമ്മെ ക്ഷണിക്കുകയാണ്. മഹത്തായ ശുദ്ധീകരണത്തിനായി ഒരവസരം നൽകിയിരിക്കുകയാണ്. കുന്നുകൂടിയ അശുദ്ധികളെ പുറത്തു കളയുക. പാപാശുദ്ധികളാൽ ഹൃദയങ്ങൾ കഠിനങ്ങളായി തീർന്നിരിക്കുന്നു.! കളങ്കിതമായിരിക്കുന്നു.! രോഗബാധിതമായിരിക്കുന്നു. ! സർവ്വോപരി മരണപ്പെട്ടിരിക്കുന്നു. ആയതിനാൽ നമ്മുടെ അഴുക്കുപിടിച്ച ഹൃദയത്തെ കഴുകി വൃത്തിയാക്കാം. ആത്മാർത്ഥമായ പശ്ചാത്താപത്തിലൂടെയും മാപ്പപേക്ഷയിലൂടെയും ! കല്ലായി തീർന്ന ഹൃദയങ്ങളെ, മരണപ്പെട്ട ഹൃദയങ്ങളെ, പുനർ ജീവിപ്പിക്കുവാനുള്ള അവസരമാണിത്. ! ഖുർ ആൻ ഗ്രഹിച്ച് പാരായണം ചെയ്യുന്നതിലൂടെ നമുക്കത് നേടുവാൻ കഴിയും. അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയാൽ നമ്മുടെ ദുർബലഹൃദയങ്ങൾക്ക്, തകർന്ന ഹൃദയങ്ങൾക്ക്, ദുഃഖാർത്തമായ ഹൃദയങ്ങൾക്ക്, മുങ്ങിതാഴുന്ന ഹൃദയങ്ങൾക്ക് വീണ്ടും ശക്തി പകർന്നു നൽകാം.

**"വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസമാധാനം പ്രാപിക്കുകയും ചെയ്തവർ (അവരത്രെ) അറിയുക ! അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ. ! "** (13:29)

വിശുദ്ധ പ്രവാചകർ (സ) പറഞ്ഞു. **"അധികം സംസാരിക്കരുത് ! അല്ലാഹുവിനെ സ്മരിക്കുക. അല്ലാഹുവിനെ സ്മരിക്കാതെ കൂടുതൽ സംസാരിക്കുന്നവരുടെ ഹൃദയം കടുത്തു പോകുന്നതാണ്. ഹൃദയ കാഠിന്യമുള്ളവനെക്കാൾ കൂടുതലായി അല്ലാഹുവിൽ നിന്നകന്നവൻ മറ്റാരുമില്ല ". (തിർമിദി)**

മത്സ്യത്തിന് ജലം പോലെയാണ് ഹൃദയത്തിന് ദൈവസ്മരണ. ജലത്തിൽ നിന്നും പുറത്തു വന്ന മത്സ്യത്തിന്റെ അവസ്ഥ എന്തായിരിക്കും ? മുസ്ലീം സന്തോഷിക്കുന്നത് ദൈവ സ്മരണയിലൂടെയാണ്. അവന്റെ നാവ് ഹൃദയവുമായി താദാത്മ്യം പ്രാപിക്കണം. ഹൃദയത്തിന് ഉചിതമായ സ്ഥാനം നൽകണം. ആരാധനയിൽ അത് നിഴലിക്കണം. ഇത് സംബന്ധമായി അല്ലാഹു (ത) വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നു.

**"ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും, രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും, ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ ബുദ്ധിമാൻമാർ ഞങ്ങളുടെ നാഥാ ! നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ലാ സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ ". (3,191,192)**

വിശുദ്ധ നബീകരീം (സ) എല്ലാ കാര്യങ്ങളും ഹൃദയവുമായി ചേർത്തു നിർത്തിയിരിക്കുന്നു. നമ്മുടെ മോശപ്രവർത്തനങ്ങൾ ഉപേക്ഷിക്കുകയും പകരം നല്ല കാര്യങ്ങൾ ചെയ്യുകയും ചെയ്യുമ്പോൾ, നമുക്ക് ആരോഗ്യമുള്ള ഹൃദയം ലഭ്യമാകുന്നു. ഇത് സംബന്ധമായി അല്ലാഹു (ത) പറയുന്നു. **"ധനമോ, മക്കളോ പ്രയോജനപ്പെടാത്ത നാളിൽ, പക്ഷേ സുരക്ഷിത ഹൃദയത്തോടുകൂടി അല്ലാഹുവിന്റെ അടുക്കൽ ചെന്നവർ മാത്രം (രക്ഷപ്രാപിക്കും) " (26:89,90)**

തലച്ചോറ് നിറയെ അറിവിനാൽ അലങ്കരിച്ചിരിക്കാം ഈ ബൗദ്ധിക അറിവുകളെ, ആരോഗ്യപൂർണ്ണമായ ഹൃദയ ചാനലിലൂടെ ഒഴുക്കിവിടുമ്പോൾ മാത്രമേ അത് പ്രയോജനകരമായി തീരുകയുള്ളൂ. ബോധമില്ലാത്ത ശാസ്ത്രം ആത്മാവിന്റെ നാശത്തിലായിരിക്കും കലാശിക്കുക.

ഈ അനുഗ്രഹീതമാസത്തിലും, തുടർന്നുവരുന്ന 11 മാസങ്ങളിലും, നമുക്ക് ഹൃദയമുള്ള സ്ത്രീകളും പുരുഷന്മാരുമാകാം. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും തുടങ്ങി ഹൃദയം മുഴുവൻ ശുദ്ധീകരിച്ചെടുക്കുവാനുള്ള പ്രവർത്തനത്തിലേർപ്പെടാം. നമ്മുടെ ഹൃദയത്തെ ശത്രുത, അസൂയ, അസംതൃപ്തി ഇവയിൽ നിന്നും മുക്തമാക്കാം. നമ്മുടെ ഹൃദയങ്ങളെ ഭൗതീക ആഗ്രഹങ്ങൾക്കൊണ്ട് കത്തിക്കാതിരിക്കാനുള്ള ശ്രമങ്ങൾ തുടരാം. പകരം അല്ലാഹുവിനോടുള്ള സ്നേഹം കൊണ്ട് നിറയ്ക്കാം. നമ്മുടെ ഹൃദയങ്ങൾ അഹംഭാവത്താൽ മുങ്ങിതാഴാതിരിക്കട്ടെ, പകരം നമ്മുടെ അയൽവാസിയെ സ്നേഹിക്കാം. നമ്മുടെ ഹൃദയം ശോകമൂകമാകാതിരിക്കാൻ ശ്രമിക്കാം. പകരം പ്രതീക്ഷാ നിർഭരമാക്കാം. ഹൃദയ സംസ്ക്കരണം സാധ്യമാകുന്നത് അതിനെ നന്മകളാൽ നിറയ്ക്കുമ്പോഴാണ് ; ബുദ്ധിയാൽ നിറയ്ക്കുമ്പോഴാണ് ; സ്നേഹത്താൽ സുഗന്ധ പൂരിതമാക്കുമ്പോഴാണ്.

എന്റെ എല്ലാ സഹോദരീ സഹോദരന്മാർക്കും ഞാൻ ഹൃദയംഗമമായ ആശംസകൾ നേരുകയാണ്. നിങ്ങളുടെ പ്രവർത്തനഫലമായി നിങ്ങൾക്ക് പരിശുദ്ധമായ ഒരു ഹൃദയം അല്ലാഹു (ത) പ്രദാനം ചെയ്യട്ടെ ! സമാധാനപൂർണ്ണമായൊരു ഹൃദയം പ്രദാനം ചെയ്യട്ടെ ! ജീവനുള്ള ഹൃദയം പ്രദാനം ചെയ്യട്ടെ ! ആരോഗ്യമുള്ള ഒരു ഹൃദയം പ്രദാനം ചെയ്യട്ടെ ! അങ്ങനെ അല്ലാഹു (ത) നമ്മുടെ ഹൃദയങ്ങളെ ഒന്നാക്കി തീർക്കട്ടെ ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************